## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 536 — 06.07.2012-ൽ മറുപടിക്ക്

**എല്ലാ ജില്ലയിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. രാജു എബ്രഹാം<br>ഡോ. കെ.ടി. ജലീൽ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ; | എ) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. |
| ബി) അതിനായി എത്ര തുകയാണ് നീക്കിവച്ചിരുന്നത് ; 2012 മാർച്ച് 31 വരെ അതിൽ എത്ര തുക ചെലവഴിച്ചു എന്നറിയിക്കുമോ ; | ബി) 2011-12-ലെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2012-13ലെ ബഡ്ജറ്റിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനുമായി 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി |

........2

ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

സി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

സി) 2011-12 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പാക്കുകയുണ്ടായില്ല. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇത് നടപ്പാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ